# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.105 06.02.2020 ൽ മറുപടിക്ക്**

**തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഒ.ആർ. കേളു | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉണ്ടായ കനത്ത മഴയിലും പ്രളയത്തിലും എത്ര കിലോമീറ്റർ റോഡുകൾ തകർന്നിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; | എ) സംസ്ഥാനത്ത് 2018ലുണ്ടായ പ്രളയത്തിൽ നിരത്തു വിഭാഗത്തിനു കീഴിൽ 20145 കി.മീ റോഡുകൾക്കും ദേശീയപാത വിഭാഗത്തിൻ കീഴിൽ 580.51 കി.മീ റോഡുകൾക്കും 57.58 കി.മീ കെ.എസ്.ടി.പി റോഡുകൾക്കും കെ.ആർ.എഫ്.ബിയുടെ കീഴിൽ വരുന്ന ശംഖുമുഖം ബീച്ച് റോഡിലെ ഏകദേശം 300 മീറ്റർ റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.<br>2019ലുണ്ടായ പ്രളയത്തിൽ നിരത്തു വിഭാഗത്തിനു കീഴിൽ 5031 കി.മീ റോഡുകൾക്കും ദേശീയപാത വിഭാഗത്തിനു കീഴിൽ 638 കി.മീ റോഡുകൾക്കും കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ 86.2 കി.മീ റോഡുകളും തകർന്നതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) പ്രളയാനന്തരം തകർന്ന റോഡുകൾ യഥാസമയം ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br><br>സി) ഇപ്രകാരമുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) & സി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിൽ തകർന്ന റോഡുകൾ അടിയന്തരമായി നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പ്രളയത്തിൽ തകർന്ന റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള പുനർ നിർമ്മാണത്തിന്റെ ഭാഗമായി റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയാനന്തര പുനർ നിർമ്മാണത്തിന്റെ ഭാഗമായി ദീർഘകാലം ഈടു നിൽക്കുന്ന ഡിസൈൻ റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണ്. |

ലോക ബാങ്ക്, കെ.എഫ്.ഡബ്ല്യൂ (ജർമ്മൻ ബാങ്ക്), ഐ.ഡി.ബി. തുടങ്ങിയ വിദേശ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇവയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദീർഘകാലം ഈടു നിൽക്കുന്ന ആധുനിക രീതിയിലുള്ള റോഡു നിർമ്മാണ രീതികൾ അവലംബിച്ചു വരുന്നുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 2018-19 വർഷം 1697 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ നബാർഡിൽ നിന്നും 625.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ എല്ലാംതന്നെ നടപ്പിലാക്കി വരുന്നു. ഈ വർഷം പ്ലാൻ ഫണ്ടിൽ നിന്നും 587 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. കൂടാതെ നോൺപ്ലാൻ ഇനത്തിൽ 2018-19 വർഷം 882 കോടി രൂപയും, 2019-20 വർഷം 737 കോടി രൂപയും പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി അനുവദിച്ചു.

ദേശീയപാത വിഭാഗത്തിനു കീഴിൽ 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇത് കൂടാതെ 535 കോടി രൂപയുടെ പട്ടികയുടെ അംഗീകാരം ആനുവൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിന്റെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

കെ.എസ്.ടി.പിയുടെ അധീനതയിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

ഡി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച പാലങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപണികൾക്കായി നബാർഡിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഡി) 2018 ൽ കേരളം നേരിട്ട പ്രളയക്കെടുതിയിൽ നിന്നും സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനായി നബാർഡ് സ്കീമിൽ നിന്നും 368.90 കോടി രൂപയുള്ള അധികധനസഹായമുൾപ്പെടെ ആകെ 484.16 കോടി രൂപയും, 2019-20 ൽ 141.67 കോടി രൂപയും അനുവദിക്കുകയുണ്ടായി.

നിരത്തു വിഭാഗത്തിനു കീഴിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി നബാർഡിൽ നിന്നും ആകെ 625.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ എല്ലാം തന്നെ നടപ്പിലാക്കി വരുന്നു. 2019 ഡിസംബറിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്തു വകുപ്പിനു കീഴിലുള്ള സംസ്ഥാന പാതകളുടെയും, പ്രധാന ജില്ലാ റോഡുകളുടെയും 97%വും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

പാലം വിഭാഗത്തിനു കീഴിൽ 2018-19 സാമ്പത്തിക വർഷം, നബാർഡ് RIDF-XXIV ൽ ഉൾപ്പെടുത്തി പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി G.O(Rt) No. 1777/2018/PWD dated 15.11.2018 പ്രകാരം 5 കോടി രൂപയും G.O(Rt) No. 202/2019/PWD dated 11.02.2019 ഉത്തരവ് പ്രകാരം 18.4923 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**